# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തെന്നല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.14/2351/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/11/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെന്നല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തെന്നല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെന്നല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.14/2351/2023 തീയ്യതി: 04/11/2023

## മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-01-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2023 | 18-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-10-2023 | 18-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റിഷിൽ. പി, ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാജഹാൻ ഖുറൈശി. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. ലത. ഒ. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ബിജീഷ് മോഹൻ. റ്റി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സലീന കരുമ്പിൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ബിനു. എസ്. ഐ. | സെക്രട്ടറി | 01-04-2022 | 15-06-2022 |
| | | 29-06-2022 | 06-10-2022 |
| ശ്രീ. ദീപാങ്കുരൻ. ആർ, ഹെഡ് ക്ലെർക്ക് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-06-2022 | 28-06-2022 |
| | | 07-10-2022 | 09-10-2022 |
| | | 17-10-2022 | 27-10-2022 |
| ശ്രീ. വിജയകുമാർ. വി. | സെക്രട്ടറി | 10-10-2022 | 16-10-2022 |
| | | 28-10-2022 | 16-11-2022 |
| | | 02-12-2022 | 31-03-2023 |
| ശ്രീ. ബൈജു. ബി, ജൂനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-11-2022 | 01-12-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സംഷീർ. എം. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. നസീമ. കെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 07-07-2022 |
| ശ്രീ. ബിനു സുധാകർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 08-07-2022 | 31-03-2023 |
| ശ്രീമതി. ബിസ്ന. വി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. സക്കീർ ഹുസൈൻ. കെ. എം. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. മുഹമ്മദ് സഹീർ. സി. പി. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 12-05-2022 |
| ഡോ. അബ്ദുൽ നാസർ നെട്ടുവഞ്ചേരി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 13-05-2022 | 31-03-2023 |
| ഡോ. സന്ധ്യ. സി. വി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ. സുമി. എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി. ഹസീനാബി. കെ. | വി.ഇ.ഒ. (തെന്നല സർക്കിൾ) | 01-04-2022 | 31-03-2023 |
| ശ്രീ. ജോയ്. എം. ജെ. | വി.ഇ.ഒ. (വാളക്കുളം സർക്കിൾ) | 01-04-2022 | 31-07-2022 |
| ശ്രീമതി. മഞ്ജുഷ. പി. | വി.ഇ.ഒ. (വാളക്കുളം സർക്കിൾ) | 01-08-2022 | 31-03-2023 |
| ശ്രീമതി. ജയശ്രീ. കെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 04-07-2022 |
| ശ്രീമതി. മൈമൂന. കെ. ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-07-2022 | 12-01-2023 |
| ശ്രീമതി. രമ്യ. സി. കെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13-01-2023 | 31-03-2023 |
| ശ്രീ. സജു. എ. (എംപ്ലോയ്മെന്റ്) | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 28-04-2022 |
| ശ്രീ. നിഖിൽ ജെ. കുമാർ (അധിക ചുമതല) | അസിസ്റ്റന്റ് എഞ്ചിനീയർ | 29-04-0202 | 21-08-2022 |
| ശ്രീ. ജിത്തു. എൻ. | അസിസ്റ്റന്റ് എഞ്ചിനീയർ | 22-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല. | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ഗ്രാന്റ് നീക്കിയിരിപ്പ് തുകയും ബന്ധപ്പെട്ട ബാങ്ക് നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 11 | ഗ്രാന്റ് തുകകളിന്മേലുള്ള വ്യത്യാസം | 1-4-1 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | തനത് വരുമാനം സംബന്ധിച്ച അവലോകനം. | 1-11 |
| 19 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-12 |
| 20 | എസ്.എസ്.കെ വിഹിതം അടവാക്കൽ - രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-13 |
| 21 | തുല്യത പഠനം - പഠിതാക്കളുടെ ഫീസ് അടവാക്കൽ - തുടർ നടപടി വിവരം അറിയിക്കേണ്ടതാണ് | 1-14 |
| 22 | ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-15 |
| 23 | ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-15-1 |
| 24 | രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-15-2 |
| 25 | KREWS ന് വാർഷിക വരിസംഖ്യ രണ്ട് തവണ നൽകി - ക്രമീകരിച്ച് വിവരം | 1-16 |

| | | |
|---|---|---|
| | അറിയിക്കേണ്ടതാണ് | |
| 26 | ഔദ്യോഗിക വാഹനത്തിന്റെ ഉപയോഗം - അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-17 |
| 27 | കെ.എം.എസ്.സി.എൽ-ൽ നിന്നും മരുന്നുകൾ മുഴുവനും ലഭ്യമായില്ല | 1-18 |
| 28 | ഹോംകോയിൽ നിന്നും മുഴുവൻ മരുന്നും ലഭ്യമായില്ല. | 1-19 |
| 29 | പ്രാഥമിക ആരോഗ്യകേന്ദ്രം ഡോക്ടറുടെ വേതനം - ഇൻകം ടാക്സ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. | 1-20 |
| 30 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-21 |
| 31 | അംഗനവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. | 1-22 |
| 32 | രോഗപ്രതിരോധ പ്രവർത്തനങ്ങൾ :പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-23 |
| 33 | പോഷകാഹാര വിതരണം - അപാകതകൾ | 1-24 |
| 34 | പി.എച്ച്.സി, വെറ്ററിനറി ഡിസ്പെൻസറി എന്നിവയിൽ "ടേക്ക്-എ-ബ്രേക്ക് ടോയ്‌ലറ്റ്" - ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്തിട്ടില്ല. | 1-25 |
| 35 | അസി.എഞ്ചിനീയർ - കാഷ്ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല - ബാങ്കിലെ 31.03.23 ലെ നീക്കിയിരിപ്പ് 1,17,520 രൂപ | 1-26 |
| 36 | പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ GST ഇനത്തിൽ അധിക ചെലവ് വന്നു. | 1-27 |
| 37 | റോഡ് ടാറിംഗ് -മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി - കരാറുകാരന് അധികം നൽകിയത് 2,371/- രൂപ | 1-28 |
| 38 | റാന്റം റബിൾ (RR) മേസനറി - പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 1-29 |
| 39 | മരാമത്ത് പ്രവൃത്തിയിൽ കരാറുകാരന് അധികം അനുവദിച്ച തുക ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി തിരിച്ചടവാക്കി - അടവാക്കിയത് 8985 രൂപ | 1-30 |
| 40 | പാലിന് സബ്സിഡി - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ധനസഹായം നൽകി | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിനത്തിൽ അധികം തുക നൽകി | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 5(1)/19.07.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 26.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തെന്നല ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തെന്നല ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തീയതി: 04-11-2023

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും 310900101, 450100101, 140120105 എന്നീ ശീർഷകങ്ങളിൽ തുകകൾ ദശാംശ സംഖ്യയായി രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2023 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

## 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ തുകയും (₹9,83,720), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹1,08,46,664.31) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-5 ഗ്രാന്റ് നീക്കിയിരിപ്പ് തുകയും ബന്ധപ്പെട്ട ബാങ്ക് നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല.

താഴെപ്പറയുന്ന ഇനങ്ങൾക്ക് ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള ഗ്രാന്റ് നീക്കിയിരിപ്പ് തുകയും B-17 ഷെഡ്യൂൾ പ്രകാരമുള്ള ബാങ്ക് നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | B-4 ഷെഡ്യൂൾ പ്രകാരം | | B-17 ഷെഡ്യൂൾ പ്രകാരം | | വ്യത്യാസം (₹) |
|---|---|---|---|---|---|
| | അക്കൗണ്ട് ശീർഷകം | നീക്കിയിരിപ്പ് (₹) | അക്കൗണ്ട് ശീർഷകം | നീക്കിയിരിപ്പ് (₹) | |
| 1 | 320100181 - Total Sanitation Campaign | 22,83,741 | 450210101 - KGB Edarikode TSC - (40174101041970) | 23,09,371 | 25,630 |
| 2 | 320200104 - Development Fund - Central Finance Commission Grant - Basic Tax Grant | 3,92,072 | 450210101 - KGB Thennala CFC - (40652101108628) | 67,56,208 | 15,745 |
| | 320200113 - Development Fund - Central Finance Commission Grant - Tied Fund | 63,48,391 | | | |
| | ആകെ | 67,40,463 | | | |
| 3 | 320300102 - Grants, Funds & Contributions For Specific Purposes - Other Government Agencies - Jalanidhi | 45,96,831 | 450210101 - KGB Edarikode Jalanidhi - (40174101013764) | 45,96,801 | 30 |

## 1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല.

ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2022-23ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/24.03.2022 | 1(1)/14.03.2023 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 2,62,31,723.00 |
| വരവ് | 8,10,03,715.31 |
| ആകെ | 10,72,35,438.31 |
| ചെലവ് | 7,01,57,051.00 |
| നീക്കിയിരിപ്പ് | 3,70,78,387.31 |

കുറിപ്പ്: വാർഷിക കണക്ക് റെസീറ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വരവ് ചെലവുകളുടെ കൂടെ, ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതായ വിവിധ ഫണ്ട് ഇനങ്ങളുടെ ട്രഷറി മുഖേന ഉള്ള തുകകൾ, സാമൂഹിക സുരക്ഷാ പെൻഷൻ ഇനങ്ങളിലെ തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവയും ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| | ഫണ്ടിനം | മുൻബാക്കി | തൻവർഷ | ആകെ | ചെലവ് | നീക്കിയിരിപ്പ്/ |
|---|---|---|---|---|---|---|

| | (₹) | വരവ് (₹) | (₹) | (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,63,88,400 | 1,63,88,400 | 1,52,66,809 | 11,21,591 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 15,98,402 | 15,98,402 | 15,01,096 | 97,306 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 74,86,000 | 74,86,000 | 58,60,172 | 16,25,828 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 45,70,000 | 45,70,000 | 31,10,945 | 14,59,055 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 39,40,132 | 81,62,886 | 1,21,03,018 | 31,53,416 | 63,48,391 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 8,59,407 | 33,52,695 | 42,12,102 | 38,20,030 | 3,92,072 |

കുറിപ്പ്

1.അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ്, അൺ ടൈഡ് ഇനങ്ങളുടെ മുന്നിരിപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇവയുടെ നീക്കിയിരിപ്പ് തെറ്റായാണ് കാണിച്ചിട്ടുള്ളത്. ഈയിനങ്ങളുടെ മുന്നിരിപ്പ് ഉൾപ്പെടുത്തി, ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്ന വിധത്തിലാണ് ഈ ഓഡിറ്റ് റിപ്പോർട്ടിൽ വിവരം രേഖപ്പെടുത്തിയിട്ടുള്ളത്.

2.ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഇനത്തിൽ 26,01,211/- രൂപ ട്രഷറിയിൽ ചെലവഴിക്കാതെ തൻവർഷാവസാനത്തിൽ ലാപ്സ് ആയിട്ടുണ്ട്.

3.ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺ ടൈഡ് ഇനങ്ങൾ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ തൻവർഷം പലിശയിനത്തിൽ ക്രെഡിറ്റ് ചെയ്ത 1,95,265/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് ഇനത്തിനോടൊപ്പവും, ബാങ്ക് ചാർജ് ഇനത്തിൽ ഡെബിറ്റ് ചെയ്ത 266 രൂപ ചെലവിനോടൊപ്പവും ചേർത്തിട്ടുണ്ട്.

## 1-4-1 ഗ്രാന്റ് തുകകളിന്മേലുള്ള വ്യത്യാസം

വിവിധ ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, വാർഷിക കണക്ക് എന്നിവയിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ .

| ക്രമ നമ്പർ | ഫണ്ടിനം | ചെലവ് തുക (₹) | | | വ്യത്യാസത്തിന് കാരണം |
|---|---|---|---|---|---|
| | | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | എ.സി.ആർ | വാർഷിക കണക്ക് (I-6) | |
| 1 | വികസന ഫണ്ട് - ജനറൽ | 1,63,63,011 | 1,52,66,809 | 1,63,63,011 | അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ തുക ഈടാക്കുന്നതിനായി 215, 216, 218 എന്നീ നമ്പർ ജി.ഒ പ്രോജക്കുകൾ പ്രകാരം സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക ₹11,82,600/- എ.സി.ആർ പ്രകാരം ചെലവായി കാണിച്ചിട്ടില്ല. പ്രോജക്ട് നം. 3/23 - അനുപൂരക പോഷകാഹാര പദ്ധതിയിലേയ്ക്കായി അലോട്മെന്റ് 62/25.09.2022 പ്രകാരം 86,398/- രൂപയുടെ റിക്വിസിഷൻ നൽകിയത് പിന്നീട് ക്യാൻസൽ ചെയ്തെങ്കിലും ഈ തുക എ.സി.ആർ പ്രകാരം ചെലവായി കാണിച്ചിട്ടുണ്ട്. |
| 2 | വികസന ഫണ്ട് - എസ്.സി.പി | 16,12,694 | 15,01,096 | 16,12,694 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് എന്ന ഇനത്തിൽ 217/23, 219/23 എന്നീ നമ്പർ ജി.ഒ പ്രോജക്കുകൾ പ്രകാരം സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക ₹1,11,598/- എ.സി.ആർ പ്രകാരം ചെലവായി കാണിച്ചിട്ടില്ല. |
| 3 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 31,10,945 | 31,10,945 | 27,27,836 | ക്യാപിറ്റൽ ചെലവുകൾക്ക് വിനിയോഗിച്ച ₹3,83,109/- ബാലൻസ് ഷീറ്റ് B3 ഷെഡ്യൂളിൽ 312100302 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

വ്യത്യാസങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/16.10.2023 ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ചു. ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിൽ ഫണ്ട് തുകകൾ വ്യത്യസ്തമായി കാണിക്കുന്ന വിവരം ഐ.കെ.എം ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 7,97,98,679 | 133 | 4,53,81,634 | 0 | 63 | 67.8% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2,891 | 10,63,594 | 10,66,485 | 5,99,502 | 4,66,983 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 60,24,974 | 60,24,974 | 60,24,974 | 0 |
| ആകെ | 2,891 | 70,88,568 | 70,91,459 | 66,24,476 | 4,66,983 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6,86,400 | 47 |
| വിധവാപെൻഷൻ | 1,01,81,400 | 856 |
| വാർദ്ധക്യകാലപെൻഷൻ | 2,19,45,600 | 1996 |
| വികലാംഗപെൻഷൻ | 44,44,800 | 307 |
| വിവാഹ ധനസഹായം | 60,000 | 2 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 97,000 | 14 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.2023 ന് 3:18PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,812/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്-13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2. ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്

പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ഇടുന്നത് മൂലം ചെയ്യേണ്ടി വരുന്ന റോഡ് അറ്റകുറ്റപണികൾ വാട്ടർ അതോറിറ്റിയെകൊണ്ട് ചെയ്യിപ്പിക്കുന്നതിന് പകരം ഗ്രാമ പഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നു. ഇതു മൂലം ഈ ഇനത്തിൽ അനാവശ്യ ചെലവുകൾ ഉണ്ടാവുന്നുണ്ട്.

4. സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി സബ്സിഡി തുക അധികമായി അനുവദിച്ചിട്ടുണ്ട്. (ഖണ്ഡിക 3-1 കാണുക)
5.മെഡിക്കൽ ഓഫീസർ (ഹോമിയോ), വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർ എന്നിവർ നിർദ്ദിഷ്ട മാതൃകയിലുള്ള പ്രൊജക്ട് രജിസ്റ്റർ പരിപാലിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.10.2022 | 06/2022 മുതൽ 09/2022 വരെ | 17.10.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.11.2009 - 21.11.2009 | 2004-05 - 2008-09 | 17.12.2009 |

## 1-11 തനത് വരുമാനം സംബന്ധിച്ച അവലോകനം.

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഓഡിറ്റ് വർഷത്തിൽ 18 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, സെക്രട്ടറിയുടെയും മറ്റു സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് ഭേദഗതി അംഗീകാരം, കരട് വാർഷിക ബജറ്റ് അംഗീകാരം, വാർഷിക പദ്ധതിയിലേക്കുള്ള ശുപാർശകൾ, വസ്തുനികുതി പിരിവ് അവലോകനം, വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന കെട്ടിടങ്ങൾക്കും വിമുക്തഭടന്മാരുടെ വാസഗൃഹങ്ങൾക്കും നികുതി ഒഴിവാക്കൽ, വസ്തുനികുതി പുനർനിർണ്ണയം എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും അവതരിപ്പിച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെയും ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ 08.04.2022, 10.05.2022, 08.08.2022, 10.10.2022, 10.11.2022 എന്നീ തീയ്യതികളിലെ യോഗങ്ങളിൽ കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും തൻവർഷത്തിൽ 100% വസ്തു നികുതി പിരിവ് എന്ന ലക്ഷ്യം കൈവരിക്കുന്നതിനും അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നടപടികൾ എടുക്കുന്നതിനുമുള്ള നടപടികൾ ചർച്ച ചെയ്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഫലമായി 2022-23 വർഷത്തിൽ കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയിൽ 100% പിരിവ് കൈവരിക്കാനായിട്ടുണ്ട്. 10.05.2022, 08.08.2022, 09.12.2022 എന്നീ തീയ്യതികളിലെ യോഗങ്ങളിൽ ലൈസൻസ് ക്യാമ്പ് സംഘടിപ്പിക്കുന്നതിനും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതും സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്.

സർക്കാർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിച്ചുകൊണ്ടും, എല്ലാ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റേയും അവലോകനം ഗ്രാമസഭകളിൽ നടത്തിക്കൊണ്ടും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

വസ്തുനികുതി പരിഷ്കരണം

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ കത്ത് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തെന്നല ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം

01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 27.04.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിലെ 2(1) നമ്പർ തീരുമാനം പ്രകാരം താത്ക്കാലികമായി അംഗീകരിക്കുകയും, 10.05.2023 തീയ്യതിയിലെ എ1/1200/23 നമ്പർ വിജ്ഞാപനമായി പുറപ്പെടുവിക്കുകയും, ദിനപത്രത്തിൽ പരസ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ തരം തിരിവ് എന്നിവ 27.04.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിലെ 2(3) നമ്പർ തീരുമാനപ്രകാരം താത്ക്കാലികമായി അംഗീകരിച്ച് 10.05.2023 തീയ്യതിയിലെ എ1/1200/23(1) നമ്പർ വിജ്ഞാപനമായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. താത്ക്കാലികമായി അംഗീകരിച്ച അടിസ്ഥാന വസ്തു നികുതി നിരക്കുകൾ, മേഖല തരം തിരിവ്, റോഡുകളുടെ തരം തിരിവ് എന്നിവയിന്മേൽ നിശ്ചിത കാലയളവിനുള്ളിൽ ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ ലഭിക്കാതിരുന്നതിനാൽ ഇവ 26.06.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിലെ യഥാക്രമം 1(1), 1(2), 1(3) നമ്പർ തീരുമാനങ്ങൾ പ്രകാരം അന്തിമമായി അംഗീകരിക്കുകയും, 04.07.2023 തീയ്യതിയിലെ യഥാക്രമം എ1/1200/23, എ1/1200/23(1), എ1/1200/23(2) നമ്പർ വിജ്ഞാപനങ്ങളായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അന്തിമമായി നിശ്ചയിച്ച നിരക്കുകൾ രണ്ട് ദിനപത്രങ്ങളിൽ പരസ്യപ്പെടുത്തുകയും, സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. റോഡുകളുടെ തരം നിർണ്ണയിച്ചത് വാർഡു തല റോഡ് മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.

3. പുതുക്കിയ വസ്തുനികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ഈ സമയക്രമം പാലിച്ചിട്ടില്ല. പുതുക്കിയ നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സാങ്കേതിക സൗകര്യം ലഭ്യമാകാൻ വൈകിയതിനാൽ അതുവരെ, 01.04.2023ന് ശേഷം പണി പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിക്കുകയും, നികുതി നിർണ്ണയം പുതിയ നികുതി പരിഷ്കരണത്തിന് വിധേയമാണെന്ന് ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തുകയുമാണ് ചെയ്തിരുന്നത്. നിലവിൽ, സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതുക്കിയ നിരക്കുകകൾ രേഖപ്പെടുത്തുകയും, പുതുതായി നിർമ്മാണം പൂർത്തിയാകുന്ന കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തുകയും ചെയ്യുന്നുണ്ട്.

4. വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം ഗ്രാമപഞ്ചായത്തിനെ യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ഈ വിവരം ഫോറം 9B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനായി 2023 മെയ് 15 വരെ സമയം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 373 അപേക്ഷകളിൽ നടപടികൾ സ്വീകരിക്കാൻ ആരംഭിച്ചിട്ടുണ്ട്. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. മേൽ സർക്കാർ ഉത്തരവ് പ്രകാരം, വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ള 3 പേരെ നിയമിച്ച് കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

തെന്നല ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ

ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 /തസ്വഭവ, തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3. 1996ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോട്ടം അല്ലെങ്കിൽ കൈവശക്കാരനോട്ടം മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ, കലയെയോ, ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

മറ്റു നിരീക്ഷണങ്ങൾ

ദേശീയ പാത വികസനത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ നിരവധി കെട്ടിടങ്ങൾ പൊളിച്ചുനീക്കിയത് മൂലം സമീപ വർഷങ്ങളിൽ വസ്തുനികുതി, ലൈസൻസ്, തൊഴിൽനികുതി എന്നീ ഇനങ്ങളിൽ നിന്നുള്ള വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. 2023-24 വർഷം മുതൽ വസ്തുനികുതി, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് എന്നിവയുടെ നിരക്കുകളിൽ ഉണ്ടായിട്ടുള്ള വർദ്ധനവിന്റെ ഫലമായി തനതുവരുമാനം മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടൊപ്പം തന്നെ, പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തുന്നതിനായി ഭരണസമിതിയുടെ ഭാഗത്ത് നിന്നും പരിശ്രമം ഉണ്ടാകേണ്ടതുണ്ട്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായോ പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം / മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22 വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ, പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഓഡിറ്റ് എൻക്വയറി [എൻക്വയറി നമ്പർ - 1/10.10.2023] നൽകുകയും, ആയതിന് സ്ഥാപനം ലഭ്യമാക്കിയ മറുപടി പരിശോധിക്കുകയും ചെയ്താണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന (1) | പ്രൊജക്റ്റ് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം / മൂല്യ നിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | 134/2016-17 - ഇലക്ട്രിക് പോസ്റ്റ് മാറ്റൽ - കെ.എസ്.ഇ.ബിക്ക് തുക അടവാക്കൽ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 26,399 | തനത് ഫണ്ട് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 26,399 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 197/2021-22 - ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 2021-22 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 64,877 | തനത് ഫണ്ട് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 64,877 |
| | ആകെ | | | 91,276 | | | 91,276 |

മേൽ പ്രവൃത്തികളിലായി 91,276/- രൂപ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ അവശേഷിക്കുന്നുണ്ട്. ആയത് പ്രൊജക്റ്റ് പ്രകാരമുള്ള പ്രവൃത്തികൾക്ക് വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിനായി അതാത് ഏജൻസികൾക്ക് കത്ത് നൽകിയതായി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത പക്ഷം തുക തിരികെ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 എസ്.എസ്.കെ വിഹിതം അടവാക്കൽ - രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് : എസ്.എസ്.എ വിഹിതം അടവാക്കൽ

നം : S0088/2023

അടങ്കൽ : ₹4,00,000/- (വികസന ഫണ്ട് )

BRN : 22151752007500482723/30.08.2022 : ₹4,00,000/-

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 4,00,000/- രൂപ സ്റ്റേറ്റ് പ്രൊജക്റ്റ് ഓഫീസർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്. ജി.ഒ.(എം.എസ്) 84/2022 തി. 19.04.2022, ഖണ്ഡിക 8-6 (3),(4),(5) പ്രകാരം എസ്.എസ്.കെ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 4,00,000/- രൂപ കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വിശദമായ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് എസ്.എസ്.കെ- ക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് ഓഡിറ്റ് എൻക്വയറി നം. 07/11.10.2023 ന് മറുപടി ലഭ്യമാക്കി. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-14 തുല്യത പഠനം - പഠിതാക്കളുടെ ഫീസ് അടവാക്കൽ - തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്

പ്രൊജക്റ്റ് : തുല്യത പഠനം - പഠിതാക്കളുടെ ഫീസ് അടവാക്കൽ

നം : S0093/2023

അടങ്കൽ : ₹55,000/- (തനത് ഫണ്ട് )

വൗച്ചർ നം. 22200831/06.02.2023 : ₹54,450/-

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരം 11 വിദ്യാർത്ഥികളുടെ പത്താംതരം തുല്യതാ കോഴ്സ് ഫീസായി 19,250/- (11x1,750) രൂപയും, ഹയർ സെക്കന്ററി ഒന്നാം വർഷ തുല്യതാ കോഴ്സ് ഫീസായി 22,000/- (10x2,200) രൂപയും, ഹയർ സെക്കന്ററി രണ്ടാം വർഷ തുല്യതാ കോഴ്സ് ഫീസായി 13,200/- (6x2,200) രൂപയും ഡയറക്ടർ കേരളാ സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്. പഠിതാക്കൾ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ മാത്രമാണ് ഫയലിലുള്ളത്. പരീക്ഷ എഴുതിയവരുടേയും, യോഗ്യത നേടിയവരുടേയും വിവരം സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 05/11.10.2023 ന്, പത്താംതരം തുല്യതാ കോഴ്സിന് 4 പേരും, ഹയർ സെക്കന്ററി ഒന്നാം വർഷ തുല്യതാ കോഴ്സിന് 6 പേരും, ഹയർ സെക്കന്ററി രണ്ടാം വർഷ തുല്യതാ കോഴ്സിന് രജിസ്റ്റർ ചെയ്ത മുഴുവൻ പേരും പരീക്ഷകൾക്ക് ഹാജരായിട്ടുണ്ടെന്നും, അവശേഷിക്കുന്ന മുഴുവൻ പേരെയും അടുത്ത ചാൻസിൽ പരീക്ഷ എഴുതിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-15 ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് -

### 1-15-1 ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല –

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക (₹) | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | XVFC/2022-23 /P/53/30-01-2023 | വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ - S0012/23 KSEB ഇലക്ട്രിക്കൽ സെക്ഷൻ, വെന്നിയൂരിന് നൽകിയ തുക | 15,97,850/- (ധനകാര്യ കമ്മീഷൻ അവാർഡ്) | പൂർത്തീകരണ സാക്ഷ്യപത്രം |
| 2 | XVFC/2022-23 /P/64/08-03-2023 XVFC/2022-23 /P/67/08-03-2023 | കൊടക്കല്ല് അംഗണവാടി കിണർ നിർമ്മാണം - S0181/23 ജില്ലാ ഓഫീസർ, GWD, മലപ്പുറത്തിന് നൽകിയത് | 57,467/-, 2,035/- (ധനകാര്യ കമ്മീഷൻ അവാർഡ്) | പൂർത്തീകരണ സാക്ഷ്യപത്രം |
| 3 | XVFC/2022-23 /P/65/08-03-2023 XVFC/2022-23 /P/66/08-03-2023 | തിരുത്തി അംഗണവാടി കിണർ നിർമ്മാണം - S0183/23 ജില്ലാ ഓഫീസർ, GWD, മലപ്പുറത്തിന് നൽകിയത് | 58,791/-, 2,035/- (ധനകാര്യ കമ്മീഷൻ അവാർഡ്) | പൂർത്തീകരണ സാക്ഷ്യപത്രം |
| | | ആകെ | 17,18,178 | |

ഓഡിറ്റ് എൻക്വയറി നം. 06/11-10-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 17,18,178/- രൂപ തടസ്സം ചെയ്യുന്നു.

## 1-15-2 രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന തനത് ഫണ്ട് ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് -

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക (₹) | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 22200021/ 18.04.2022 | കേരളാ ഒളിമ്പിക് അസോസിയേഷന് ധനസഹായം | 10,000 | രശീതി |
| 2 | 22200022/ 18.04.2022 | കെട്ടിട നിർമ്മാണം (25000), വാർഷിക വരിസംഖ്യ (18,000 : 19-20 To 21-22) ഇനത്തിൽ കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷന് നൽകിയ തുക | 43,000 | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| | | ആകെ | 53,000 | |

ഓഡിറ്റ് എൻക്വയറി നം. 16/16-10-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 53,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-16 KREWS ന് വാർഷിക വരിസംഖ്യ രണ്ട് തവണ നൽകി - ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

വൗച്ചർ നമ്പർ 22200196/28.06.2022 : ₹2,000

വൗച്ചർ നമ്പർ 22200986/23.03.2023 : ₹2,000

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫയർ സൊസൈറ്റിയിലേക്ക് പ്രതിവർഷം 2,000/- രൂപ വീതം വാർഷിക വരിസംഖ്യ ഇനത്തിൽ നൽകുന്നതിന് സർക്കാർ അനുമതിയുള്ളതാണ്. എന്നാൽ 2022-23ലെ വാർഷിക വരിസംഖ്യ തനത് ഫണ്ടിൽ നിന്നും മേൽ വൗച്ചറുകൾ പ്രകാരം രണ്ട് തവണ നൽകിയിട്ടുണ്ട്. ആയത് ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 08/12.10.2023 ന് 2023-24 വർഷത്തെ വിഹിതം അടവാക്കുന്ന സമയത്ത് ആയത് ക്രമീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-17 ഔദ്യോഗിക വാഹനത്തിന്റെ ഉപയോഗം - അപാകതകൾ പരിഹരിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് സ.ഉ(എം.എസ്) നം.170/07/ത.സ്വ.ഭ.വ തി.30.6.2007 പ്രകാരം പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം -

1. മാസാന്ത, വർഷാന്ത്യ ലോഗ് ബുക്ക് സംക്ഷിപ്തം തയ്യാറാക്കേണ്ടതാണ്.

2. കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക് ഇടക്കിടെ പരിശോധിക്കേണ്ടതും വാഹന ഉപയോഗം ക്രമപ്രകാരമാണോ എന്ന് ബോധ്യപ്പെടേണ്ടതും പരിശോധന വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

3. വാഹനത്തിൽ ഇന്ധനം നിറക്കുമ്പോൾ സന്നിഹിതനായിരുന്ന വ്യക്തിയുടെ പേരും, ഉദ്യോഗപ്പേരും, ഒപ്പം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

മേൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. കൂടാതെ, ധനകാര്യ (ഐ.ടി സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഉപയോഗിക്കുന്ന എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" – എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്. എന്നാൽ വാഹനത്തിന്റെയും ഡ്രൈവറുടെയും വിവരം നൽകിയിട്ടുണ്ടെങ്കിലും സർക്കുലർ പ്രകാരമുള്ള മറ്റു നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം. 23/16-10-2023 ന് മറുപടി ലഭ്യമാക്കി.

## 1-18 കെ.എം.എസ്.സി.എൽ-ൽ നിന്നും മരുന്നുകൾ മുഴുവനും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം നടത്തിയ, താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ-ന് മുൻകൂറായി തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെയും കെ.എം.എസ്.സി.എൽ-ൽ നിന്നും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1.പ്രൊജക്റ്റിന്റെ പേര്&നം : പരിരക്ഷാ പദ്ധതി (13/23)

അടങ്കൽ : ₹9,22,240/- (പ്ലാൻ ഫണ്ട്)

ആകെ ചെലവ് : ₹7,65,557/-

ഈ പദ്ധതി പ്രകാരം പരിരക്ഷാ രോഗികൾക്കുള്ള മരുന്ന് വാങ്ങുന്നതിന് വേണ്ടി ബിൽ നം 12/8.7.21 പ്രകാരം 2,87,105/- രൂപ പിൻവലിച്ച് കെ.എം.എസ്.സി.എൽ-ന് അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല.

മരുന്നുകൾ ലഭ്യമായതിന്റെ വിവരം താഴെ ചേർക്കുന്നു.

| പ്രഫോർമ ഇൻവോയ്സ് നം & തീയതി | ഇൻവോയ്സ് നം & തീയതി | തുക (₹) | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നുകളുടെ തുക (₹) |
|---|---|---|---|
| 4575/20.02.23 | 2609/8.5.23 | 16,486 | 96,447 |
| | 7650/3.6.23 | 36,373 | |
| | 6283/26.5.23 | 19,747 | |
| | 7122/1.6.23 | 28,143 | |
| | 10906/29.6.23 | 40,439 | |
| | 12985/15.7.23 | 4,301 | |
| | 15530/8.8.23 | 32,703 | |
| | 18700/27.923 | 12,466 | |
| | ആകെ | 1,90,658 | |

2. പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങൽ (15/23)

അടങ്കൽ : ₹8 ലക്ഷം/- (റോഡിതരം )

ആകെ ചെലവ് : ₹8 ലക്ഷം/-

ബിൽ നം. 9/16.02.23 പ്രകാരം പിൻവലിച്ച 8 ലക്ഷം രൂപയിൽ 3,06,196/- രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. മരുന്നുകൾ ലഭ്യമായതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രഫോർമ ഇൻവോയ്സ് നം & | ഇൻവോയ്സ് നം & തീയതി | തുക (₹) | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നുകളുടെ തുക (₹) |
|---|---|---|---|

| തീയതി | | | |
|---|---|---|---|
| 2666/30.11.22 | 12968/15.7.23 | 28,790 | 4,93,804 |
| | 2487/8.5.23 | 57,501 | |
| | 6288/26.5.23 | 1,31,649 | |
| | 8809/13.6.23 | 75,264 | |
| | 10906/29.6.23 | 12,992 | |
| | ആകെ | 3,06,196 | |

അവശേഷിയ്ക്കുന്ന 4,93,804/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിയ്ക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം 26/17.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമായ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-19 ഹോംകോയിൽ നിന്നും മുഴവൻ മരുന്നും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ, ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ (2/23) എന്ന പ്രൊജക്ട് പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് ഹോംകോയ്ക്ക് 3 ലക്ഷം രൂപ മുൻകൂറായി നൽകിയിട്ടുണ്ട് .

BRN : 22151752035800894244/12.12.22

ഫണ്ട് : MG റോഡിതരം

എന്നാൽ പ്രഫോർമ ഇൻവോയ്സ് നം 934/2.12.22 പ്രകാരമുള്ള മുഴവൻ മരുന്നുകളും ഓഡിറ്റ് തീയതി വരെയും ഹോംകോയിൽ നിന്നും ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം &തീയതി | തുക (₹) | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നിന്റ വില |
|---|---|---|
| 844/04.08.23 | 14,048 | 2,85,952 |

അവശേഷിയ്ക്കുന്ന 2,85,952/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിയ്ക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/11.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമായ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-20 പ്രാഥമിക ആരോഗ്യകേന്ദ്രം ഡോക്ടറുടെ വേതനം - ഇൻകം ടാക്സ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

അടങ്കൽ : ₹13,00,000/- (തനത് ഫണ്ട്)

ചെലവ് : ₹9,37,165/-

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രാഥമിക ആരോഗ്യകേന്ദ്രം ഈവനിംഗ് OP ഡോക്ടറുടെയും ഫാർമസിസ്റ്റിന്റെയും വേതനം (16/23) എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി ഡോക്ടർ ശ്രീമതി കദീജയ്ക്ക് വിവിധ ബില്ലുകളിലായി 2022-23 സാമ്പത്തിക വർഷത്തിൽ ആകെ 6,50,835/- രൂപ വേതനം നൽകിയിട്ടുണ്ട്. നൽകിയ വേതനത്തിന്മേൽ ഇൻകം ടാക്സ് അടവാക്കിയതിന്റെ/പിടിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നൽകുന്ന വേതനത്തിന്മേൽ ഇൻകം ടാക്സ് അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 28/17.10.23 മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പ്രോജക്ട് നം : 162/23

പ്രോജക്ടിന്റെ പേര് : ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുകയും
കിടപ്പിലായ 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ബത്തയും

അടങ്കൽ : ₹15,83,180/-

ചെലവ് : ₹12,63,530/-

പ്ലാൻ : ₹7,50,430/-
ബ്ലോക്ക് പഞ്ചായത്ത് : ₹3,84,825/-

ജില്ലാ പഞ്ചായത്ത് : ₹1,28,275/-

| ക്രമ നം | ബിൽ നം/തീയ്യതി | തുക |
|---|---|---|
| 1 | 8/24.04.22 | 3,84,825 |
| 2 | 5/15.12.22 | 4,50,000 |
| 3 | 9/19.01.23 | 1,28,275 |
| 4 | 11/15.02.23 | 3,00,430 |
| ആകെ | | 12,63,530 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ മേൽ പദ്ധതിയിലെ അപാകതകൾ താഴെ പറയുന്നു.

1) സ്കോളർഷിപ്പിനത്തിൽ അധികം തുക നൽകി

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ, തിയ്യതി 28.05.22, ഖണ്ഡിക നമ്പർ 7.1.6 എ, ബി, സി, ഡി എന്നിവ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ വിവരം വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ശാരീരിക / മാനസിക വെല്ലുവിളി നേരിടുന്ന താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും അധികം തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | വൈകല്യത്തിന്റെ സ്വഭാവം | പഠിയ്ക്കുന്ന ക്ലാസ് | സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ തുക (₹) | നൽകിയ തുക (₹) | അധികം നൽകിയ തുക (₹) | ബിൽ നം/ തീയതി. |
|---|---|---|---|---|---|---|
| ഷെസ.കെ, വാർഡ് 6 | മാനസിക വെല്ലുവിളി | - | 28,500 | 41,000 | 12,500 | 8/24.4.22 5/15.12.22 |
| മുഹമ്മദ് റെമീസ്, വാർഡ് 11 | ശാരീരിക വെല്ലുവിളി | 7th | 6,000 | 12,000 | 6,000 | 5/15.12.2 |
| ആകെ | | | | | 18,500 | |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും കൂടുതൽ തുക മേൽ ഗുണഭോക്താക്കൾക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഭാഗം 3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

2) ശാരീരിക വെല്ലുവിളി നേരിടുന്ന സാലിം എന്ന വിദ്യാർത്ഥിയ്ക്ക് ₹8,000/- സ്കോളർഷിപ്പ് തുക നൽകിയിട്ടുണ്ട്. വിദ്യാർത്ഥിയുടെ ക്ലാസ് തെളിയിയ്ക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) 2022-23 സാമ്പത്തിക വർഷത്തിൽ ആകെ 53 കുട്ടികൾക്കാണ് സ്കോളർഷിപ്പ് തുക നൽകിയത്. മേൽ ഉത്തരവിലെ ഖണ്ഡിക നം. 7.1.6.ഇ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും അതതു മാസം നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രൊജക്റ്റ് ഏറ്റെടുക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാർഷിക ബത്ത ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല. അതുപോലെ, ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള യഥാർത്ഥ യാത്രാ ചെലവും നൽകിയിട്ടില്ല.

4) 17.08.16ലെ 2465/2016/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശമുള്ളതാണ്. ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/16.10.2023 ന് ലഭ്യമാക്കിയ മറുപടിയിൽ, ക്രമ നം 1 അപാകത മൂലം അധികം അനുവദിച്ച തുക 2023-24 സാമ്പത്തിക വർഷത്തിൽ ടി വിദ്യാർത്ഥികൾക്ക് നൽകുന്ന തുകയിൽ നിന്നും ക്രമീകരിയ്ക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചു. തുക ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികമായി അനുവദിച്ച 18500 രൂപ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

ക്രമ നം 2,4 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ അപാകതകളും പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-22 അംഗനവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നു.

പഞ്ചായത്തിനു കീഴിൽ ആകെ 27 അങ്കണവാടികളാണുള്ളത്. ഇതിൽ 11 അങ്കണവാടികൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. മറ്റ് 16 അങ്കണവാടികളും വാടക കെട്ടിടത്തിലാണ് പ്രവർത്തിയ്ക്കുന്നത്. വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന അങ്കണവാടികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സെന്ററിന്റെ പേര് | വാർഡ് /സെന്റർ നം |
|---|---|---|
| 1 | വെസ്റ്റ് ബസാർ | 17/26 |
| 2 | പെരും പുഴ | 6/30 |
| 3 | തറയിൽ മദ്രസ | 16/33 |
| 4 | അക്കരപ്പുറം | 12/35 |
| 5 | കുളങ്ങര | 7/36 |
| 6 | മണ്ണത്തനത്ത് പടി | 1/38 |
| 7 | കുണ്ടുകുളം | 10/42 |
| 8 | കുറ്റിപ്പാല | 14/43 |
| 9 | തച്ചമ്മാട് | 3/44 |
| 10 | ആപ്പിയത്ത് | 15/45 |
| 11 | കണ്ടംചിന | 6/46 |
| 12 | ഉറയ്ക്കൽ | 16/47 |
| 13 | ചെമ്മേരിപ്പാറ | 13/48 |
| 14 | അപ്പ ജാറം പടി | 5/49 |
| 15 | കച്ചാടി | 6/50 |
| 16 | ആലുങ്ങൽ | 17/51 |

മേൽ അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ നിലവിലെ വിവരം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 21/29.09.2023 ന്, ക്രമ നം 5, 11 എന്നിവയ്ക്ക് സ്ഥലം ലഭ്യമായിട്ടുണ്ടെന്നും രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും. ക്രമ നം. 13, 14 എന്നിവയുടെ കെട്ടിടം പണി നടന്നുകൊണ്ടിരിയ്ക്കുകയാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 166 മൂന്നാം പട്ടിക പ്രകാരം അങ്കണവാടികൾ നടത്തലും പരിപാലിക്കലും പഞ്ചായത്തിന്റെ ചുമതലയാണ്. ആയതിനാൽ അവശേഷിയ്ക്കുന്ന അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിനും, കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും മറ്റു ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ഊർജിത ശ്രമങ്ങൾ/നടപടികൾ ഭരണസമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 1-23 രോഗപ്രതിരോധ പ്രവർത്തനങ്ങൾ :പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് : രോഗപ്രതിരോധം (14/23)

അടങ്കൽ : ₹77,200/- (പ്ലാൻ)

ചെലവ് : ₹76,485/-

മേൽ പ്രൊജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പെട്ട വിവിധ സ്ഥലങ്ങളിൽ വെച്ച് നടത്തിയ രോഗപ്രതിരോധ നടപടികളുടെ ഭാഗമായി, ഡോക്ടറെയും മറ്റു ആരോഗ്യ പ്രവർത്തകരേയും വിവിധ സ്ഥലങ്ങളിൽ എത്തിയ്ക്കുന്നതിനും തിരിച്ച് പി.എച്ച്.സിയിൽ എത്തിയ്ക്കുന്നതിനുമായി, ശ്രീ. മുസ്തഫ എന്നയാളുടെ വാഹനം 790 രൂപ പ്രതിദിന നിരക്കിൽ വാടകയ്ക്കെടുത്തിട്ടുണ്ട് (വാഹനം നം KL 65 F7668). ഈ പദ്ധതി പ്രകാരം ടിയാന് വാടകയിനത്തിൽ ആകെ 76,485/- രൂപ നൽകിയിട്ടുണ്ട്.

പ്രൊജക്ട് ഫയൽ , ട്രിപ്പ് ഷീറ്റുകൾ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) ശ്രീ. മുസ്തഫ എന്നയാളെ തെരഞ്ഞെടുത്തതിന്റെ ഭരണ സമിതി തീരുമാനം, വാഹന ഉടമയുമായി കരാർ വച്ചതിന്റെ രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

2) താഴെ പറയുന്ന തീയതികളിൽ, ഒരേ സ്ഥലത്തേയ്ക്ക്, ഒരേ ആവശ്യത്തിനു തന്നെ യാത്ര നടത്തിയതിന് രണ്ടു ബില്ലുകൾ പ്രകാരവും തുകകൾ നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | ബിൽ നം / തീയതി, തുക (₹) | യാത്ര ചെയ്ത തീയതി/ സമയം | സ്ഥലം | നൽകിയ തുക (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|
| 1 | 4/23.09.22, 17,380/- | 08.04.22/ 9.00 AM – 2.00 PM | അറയ്ക്കൽ അംഗനവാടി, ചേമഞ്ചരിപാറ അംഗനവാടി | 790 | 790 |
| | 8/17.01.20, 23,700/- | | | 790 | |
| 2 | 4/23.09.22, 17,380/- | 09.04.22/ 9.00 AM – 2.00 PM | തിരുത്തി, പപ്പാലി, പാറമ്മൽപള്ളി | 790 | 790 |
| | 8/17.01.20, 23,700/- | | | 790 | |
| 3 | 4/23.09.22, 17,380/- | 06.05.22/ 9.00 AM – 2.00 PM | അറയ്ക്കൽ അംഗനവാടി, ചേമഞ്ചരിപാറ അംഗനവാടി | 790 | 790 |
| | 8/17.01.20, 23,700/- | | | 790 | |
| 4 | 4/23.09.22, 17,380/- | 07.05.22/ 9.00 AM – 2.00 PM | തിരുത്തി, പപ്പാലി, പാറമ്മൽപള്ളി | 790 | 790 |
| | 8/17.01.20, 23,700/- | | | 790 | |
| ആകെ | | | | | 3,160 |

രേഖകൾ ഹാജരാക്കേണ്ടതും വാടകയിനത്തിൽ അധികം തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറിക്ക് (27/17.10.23) മറുപടി ലഭ്യമാക്കിയില്ല). അധികം നൽകിയ 3160/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-24 പോഷകാഹാര വിതരണം - അപാകതകൾ

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് നം : 3/23

മൊത്തം അടങ്കൽ : ₹52,28,000/-

ചെലവ് : ₹35,37,045/-
പ്ലാൻ-2491602/-
കേന്ദ്രാവിഷ്കൃത ഫണ്ട് :1045443/-

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 27 അംഗൻവാടികളിൽ വിതരണം ചെയ്യുന്നതിനായി ക്ലൂരിയാട് രാഗശ്രീ ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും ന്യൂട്രിമിക്സും, മാവേലി സ്റ്റോറിൽ നിന്നും ഭക്ഷ്യ ധാന്യങ്ങളും വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ നൽകുന്നു.

I) ന്യൂട്രിമിക്സ് വാങ്ങിയത്

| ക്രമ നം | ചെലവഴിച്ച തുക (₹) | വൗച്ചർ/ബിൽ നം, തീയതി | തൂക്കം (കി.ഗ്രാം) | രാഗശ്രീ ന്യൂട്രിമിക്സ് യൂണിറ്റിന് നൽകിയ തുക (ജി. എസ്.ടി ഒഴികെ) (₹) |
|---|---|---|---|---|
| 1 | 7,69,883 | 1/21.05.22 | 715.50 | 50,085 |
| | | | 1,633.50 | 1,14,345 |
| 2 | 2,37,651 | 9446885/ 29.09.22 | 931.50 | 65,205 |
| | | | 1,054.50 | 73,815 |
| | | | 1,224.50 | 85,715 |
| 3 | 8,48,262 | 4/30.11.22 | 1,107.00 | 77,490 |
| | | | 1,201.00 | 84,070 |
| | | | 1,339.00 | 93,730 |

| | | | | |
|---|---|---|---|---|
| 4 | 1,03,930 | 7/23.12.22 | 1,404.00 | 98,280 |
| 5 | 7,13,235 | | 1,420.5 | 99,435 |
| ആകെ | | | 12,031.00 | 8,42,170 |
| GST TDS @ 2% | | | | 16,843 |

പ്രൊജക്റ്റ് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) അംഗനവാടി പൂരകപോഷകാഹാരം - ജി.എസ്.ടി.യിൻമേൽ ടി.ഡി.എസ്. ഈടാക്കിയില്ല.

CGST നിയമം, സെക്ഷൻ 51 അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 2,50,000ത്തിനു മുകളിലുള്ള പർച്ചേയ്സിന് ജി.എസ്.ടി.യിന്മേൽ 2% ടി.ഡി.എസ്. കുറവു ചെയ്യേണ്ടതാണ്. എന്നാൽ മേൽ പർച്ചേയ്സുകളിന്മേൽ ഇപ്രകാരം ടി.ഡി.എസ്. കുറവു ചെയ്തിട്ടില്ല.

2) ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത രാഗശ്രീ ന്യൂട്രിമിക്സ് യൂണിറ്റ്, കുരിയാട് എന്ന സ്ഥാപത്തെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ സ്ഥാപനവുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് കരാർ ചമച്ചിട്ടുമില്ല.

II) ഭക്ഷ്യധാന്യങ്ങൾ വാങ്ങിയത്

ഇൻവോയ്സ് നം 1006105/22135/22.10.22 പ്രകാരം മാവേലി സ്റ്റോറിൽ നിന്നും വാങ്ങിയ മിൽമ നെയ്യിന്റെ വിവരമാണ് താഴെ ചേർത്തിരിക്കുന്നത്. (ബിൽ നം 4/30.11.22, തുക ₹8,48,262/-)

| തൂക്കം | എണ്ണം | നിരക്ക് (₹) | ആകെ (₹) | ജി.എസ്.ടി @ 12% (₹) | ആകെ വില (₹) |
|---|---|---|---|---|---|
| 500ml | 29 | 279.91 | 8,117.39 | 974 | 9,091.47 |

വിതരണ രജിസ്റ്റർ പ്രകാരം, 500ml ന്റെ ഓരോ പാക്കറ്റു വീതമാണ് 27 അംഗനവാടികളിലേയ്ക്ക് വിതരണം ചെയ്തിട്ടുള്ളത്. 2 പാക്കറ്റുകൾ വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/16.10.23ന് ലഭ്യമാക്കിയ മറുപടിയിൽ, ക്രമ നം 1-1 അപാകതകയ്ക്ക്, ടി.ഡി.എസ്. ഈടാക്കിയതിന്റെ ഒന്നിച്ചുള്ള ബാങ്ക് സ്റ്റേറ്റ്മെന്റാണ് ലഭ്യമാക്കിയത്. ആയതിൽ, മേൽ തുകകൾക്കുള്ള ആനുപാതികമായ ടി.ഡി.എസ്. ഈടാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല. ടി.ഡി.എസ്. ഈടാക്കിയതിന്റെ വ്യക്തമായ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ക്രമ നം. 2 അപാകതകയ്ക്ക് , വിതരണ രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ടെന്നും വിതരണം ചെയ്യാത്ത രണ്ട് അംഗനവാടികൾ ഏതാണെന്ന് എൻക്വയറിയിൽ വ്യക്തമാക്കിയിട്ടില്ലെന്നും അംഗനവാടി പ്രവർത്തകർ നെയ്യ് കിട്ടാത്തതിനെ കുറിച്ച് പരാതി പറഞ്ഞിട്ടില്ല എന്നുമാണ് മറുപടി ലഭ്യമാക്കിയത്. മറുപടി സ്വീകാര്യമല്ല. വിതരണം ചെയ്യാത്ത 2 പാക്കറ്റ് നെയ്യിന്റെ വിലയായ 627 രൂപ തിരിച്ചടവാക്കേണ്ടതാണ്.

ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, സ്ഥാപനവുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് കരാർ ചമയ്ക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-25 പി.എച്ച്.സി, വെറ്ററിനറി ഡിസ്പെൻസറി എന്നിവയിൽ "ടേയ്ക്ക്-എ-ബ്രേയ്ക്ക് ടോയ്‌ലറ്റ്" - ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്തിട്ടില്ല.

പ്രോജക്റ്റ് - (SO021/23)

ഫണ്ട് - തനത് ഫണ്ട് & പെർഫോർമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ്

Vr.No - 2200941/14.3.23, ₹5,74,000/- (പെർഫോർമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ്)

2200940/14.3.23, ₹65,549/- (തനത് ഫണ്ട്)

കരാർ 11/30.7.2022

മൂല്യനിർണ്ണയം : ₹6,39,549/- (GST ഉൾപ്പെടെ )

അളവ് പുസ്തകം 188/22-23, 295/22-23, 294/22-23

കരാറുകാരൻ- അബ്ദുൾ മജീദ്. K

കോസ്റ്റ് ഇൻഡക്സ് 31.06% (DsoR 2016)

TS No-84901/2.8.21

Est.No-2020/128637

അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പി.എച്ച്.സി, വെറ്ററിനറി ഡിസ്പെൻസറി എന്നിവയിൽ "ടേക്ക്-എ-ബ്രേക്ക് ടോയ്‌ലറ്റ്" എന്ന പ്രവൃത്തി 6,39,549/- രൂപ മൂല്യനിർണ്ണയത്തിൽ 12.01.23 ന് പൂർത്തിയായിട്ടുണ്ട്. എന്നാൽ PRICE 3 സോഫ്റ്റ് വെയറിൽ LS പ്രൊവിഷനായി ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുള്ള തുക വകയിരുത്താൻ കഴിയാത്തത് കാരണം ടി എസ്റ്റിമേറ്റിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല. അതുകൊണ്ട് തന്നെ കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടും പൂർണ്ണമായി ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. മേൽ കെട്ടിടങ്ങളിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും കെട്ടിടം ഉപയോഗപ്പെടുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-26 അസി.എഞ്ചിനീയർ - കാഷ്ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല - ബാങ്കിലെ 31.03.23 ലെ നീക്കിയിരിപ്പ് 1,17,520 രൂപ

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ വെന്നിയൂർ SBI ശാഖയിൽ ഉള്ള 00000040669985681 നമ്പർ ബാങ്ക് അക്കൗണ്ടിൽ 31.03.23 ന് 1,17,520/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വ്യക്തമായി. പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക, ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു എങ്കിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ ഇത്തരത്തിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽത്തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ലഭിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ വീഴ്ച വന്നതായി കാണുന്നു.

03.10.23 ന് ബാങ്ക് അക്കൗണ്ടിൽ 1,54,835/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് അറിയിക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/13.10.23) നീക്കിയിരിപ്പ് തുകയിൽ 1,20,545/- രൂപ ടെണ്ടർ ഫീ ഇനത്തിലുള്ള തുകയാണെന്ന് വ്യക്തമാക്കി. പ്രസ്തുത തുക ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 13.10.23 ന് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറി. അക്കൗണ്ടിലെ തിരിച്ചറിയാനാവാത്ത ബാക്കി തുക 34,290/- രൂപ അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ കാഷ്ബുക്ക് ക്രമപ്രകാരം എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-27 പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ GST ഇനത്തിൽ അധിക ചെലവ് വന്നു.

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ, പ്രവൃത്തികൾ പൂർത്തീകരണ കാലയളവിനുള്ളിൽ, യഥാസമയം പൂർത്തിയാക്കാത്തതിനാൽ GST ഇനത്തിൽ അധിക ചെലവ് വന്നിട്ടുണ്ട്.

1. പുത്തംകുളം അംഗൻവാടി അറ്റകുറ്റപണി - GST ഇനത്തിലെ അധിക ചെലവ് 3537 രൂപ.

പ്രോജക്റ്റ് - (SO018/23)

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

BRN- 22151752025201390038/17.3.23

കരാർ 34/23.12.2021

മൂല്യനിർണ്ണയം - 58943.35 (GST ഉൾപ്പെടെ 69553.15)

അളവ് പുസ്തകം 278/22-23

കരാറുകാരൻ- മുനീർ. K

കോസ്റ്റ് ഇൻഡക്സ് 31.06% (DsoR 2016)

TS No-130/2.521

Est.No-2021/19690

Duration – 6 മാസം (As Per TS Slip)

23.12.2021 ന് കരാർ വച്ച പ്രവൃത്തി പൂർത്തിയായിട്ടുള്ളത് 5.9.22 ന് മാത്രമാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് അനുവദിച്ചിട്ടുള്ളത് 6 മാസമാണ്. എസ്റ്റിമേറ്റിൽ 12% GST Provision വച്ചിരുന്നെങ്കിലും യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ GST ഇനത്തിൽ താഴെ പറയും പ്രകാരം അധിക ചെലവ് വന്നു. (സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് കമ്മീഷണറുടെ 11.8.22 ലെ കത്ത് പ്രകാരം 18.7.22 ന് ശേഷം നൽകുന്ന ബില്ലുകൾക്ക് GST ബാധ്യത 18% ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്)

Final Bill അനുവദിച്ചത് (GST -18% പ്രകാരം )

Final Bill – 58943.35

GST -18% - 10609.80

യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിച്ചിരുന്നെങ്കിൽ (GST -12% പ്രകാരം )

Final Bill – 58943.35

GST -12% - 7073.20

10609.80– 7073.20 = 3537 രൂപ.

യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ വന്ന അധിക ചെലവ് - 3537 രൂപ.

2. ആറുമട അംഗൻവാടി അറ്റകുറ്റപണി - GST ഇനത്തിൽ അധിക ചെലവ് വന്നു - 4391 രൂപ.

പ്രോജക്റ്റ് - (SO019/23)

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

BRN- 22151752025201390083/17.3.23

കരാർ 35/23.12.2021

മൂല്യനിർണ്ണയം – 73180.47 (86352.95 GST ഉൾപ്പെടെ)

അളവ് പുസ്തകം 173/19-20

കരാറുകാരൻ- മുനീർ. K

കോസ്റ്റ് ഇൻഡക്സ് 31.06% (DsoR 2016)

TS No-115/29.4.21

Est.No-2021/16677

Duration – 6 മാസം (As Per TS Slip)

23.12.2021 ന് കരാർ വച്ച പ്രവൃത്തി പൂർത്തിയായിട്ടുള്ളത് 3.9.22 ന് മാത്രമാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് അനുവദിച്ചിട്ടുള്ളത് 6 മാസമാണ്. എസ്റ്റിമേറ്റിൽ 12% GST Provision വച്ചിരുന്നെങ്കിലും യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ GST ഇനത്തിൽ താഴെ പറയും പ്രകാരം അധിക ചെലവ് വന്നു.

Final Bill അനുവദിച്ചത് (GST -18% പ്രകാരം )

Final Bill – 73180.47

GST -18% - 13172.48

യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിച്ചിരുന്നെങ്കിൽ (GST -12% പ്രകാരം )

Final Bill – 73180.47

GST -12% - 8781.65

13172.48– 8781.65 = 4391 രൂപ.

യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ വന്ന അധിക ചെലവ് - 4391 രൂപ.

അപാകതകക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (10/13.10.23, 11/13.10.23)

സ്ഥിര നിർവഹണ ഉദ്യോഗസ്ഥൻമാരുടെ അഭാവത്താലും മെറ്റീരിയൽസിന്റെ ലഭ്യത കുറവും പ്രതികൂല കാലാവസ്ഥയും കാരണം പ്രവൃത്തികൾ ആരംഭിക്കാൻ കാലതാമസം ഉണ്ടായതിനാലാണ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ വൈകിയതെന്ന് അറിയിച്ചു. 18.7.22 ന് ശേഷം നൽകുന്ന ബില്ലുകൾക്ക് GST ബാധ്യത 18% ആയതിനാലാണ് ഇപ്രകാരം ബില്ലുകൾ തയ്യാറാക്കിയിട്ടുള്ളത് എന്നും അറിയിച്ചു. ഭാവിയിൽ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 റോഡ് ടാറിംഗ് -മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി - കരാറുകാരന് അധികം നൽകിയത് 2,371/- രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയിൽ റോഡ് ടാറിംഗ് ചെയ്യുന്നതിന്റെ ഭാഗമായി സ്ലോപ്പ് ഉണ്ടാക്കുന്നതിന് ശരാശരി 1.00 മീറ്റർ വീതിയിലും, 84 മീറ്റർ നീളത്തിലും ശരാശരി 0.15 മീറ്റർ ആഴത്തിൽ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദിനീയമായത്. മേൽ പ്രവൃത്തിയിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

(Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉണ്ടെന്ന് 16.10.23 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു.)

| | |
|---|---|
| പ്രൊജക്റ്റ് | തറയിൽ ചെമ്മേരിപ്പാറ റോഡ് നവീകരണം (SO031/23) |
| അടങ്കൽ/ ചെലവ് | 250000/ 249855 |
| കരാർ | 55/AE/LSGD/TNA/ 19.02.2022 |
| ടി എസ് | 41267/7.10.2021 |
| BRN | 22151752025200313253/15.07.22<br>Maintenance Grant (R) |
| കരാറുകാരൻ | മുഹമ്മദ്. OK |
| M Book | 123/21-22 |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 228.52/$m^3$- Cost Index 31.06% DSoR 2016) | 2879.52/-<br>(12.60 $M^3$ * 228.52/$m^3$) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 60.54/$m^3$- Cost Index 31.06% DSoR 2016 ) | 762.80/-<br>( 12.60 $M^3$ * 60.54/$m^3$) |
| അധികം നൽകിയ തുക | 2371/- (Ie, 2116.72+12% GST) |

അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/17.10.23) മറുപടി നൽകിയിട്ടില്ല. അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ് അല്ലാത്ത പക്ഷം നഷ്ട തുക 2371 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അഗീകാരം നൽകിയ അസി .എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-29 റാന്റം റബിൾ (RR) മേസനറി - പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

ചുവടെ കാണിച്ച പ്രവൃത്തിയുടെ ഭാഗമായി റാന്റം റബിൾ മേസനറി പ്രവൃത്തി ചെയ്തതിന് DAR Code 7.1.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ നിരക്കിൽ ഓരോ ഘന യൂണിറ്റിലും സിമന്റ് കോൺക്രീറ്റ് ലെവലിങ് കൂടി ഉൾപെടുന്നുണ്ട്. എന്നാൽ സിമന്റ് കോൺക്രീറ്റ് ലെവലിങ് ഓരോ ഘന യൂണിറ്റിലും ആവശ്യമില്ലാത്തതിനാൽ ഇതിനുള്ള നിരക്ക് ഒഴിവാക്കിയാണ് ഈ പ്രവൃത്തിക്ക് നിരക്ക് നൽകേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നൽകിയ തുക | നല്കാവുന്ന തുക | അധികം |
|---|---|---|---|---|
| തരിപ്പാല കുളം പുനരുദ്ധാരണം (SO052/23) | 20.830 $M^3$ | 151016.25 | 147702.82 | 3711 |

| | | | | |
|---|---|---|---|---|
| ഫണ്ട് - CFC<br>Vr No.- XVFC/2022-23/P/19/24.5.22- 201338<br>മൂല്യനിർണ്ണയം (GST ഉൾപ്പെടെ) - 201338<br>കരാർ 66/14.3.2022<br>അളവ് പുസ്തകം 235/21-22<br>കരാറുകാരൻ- മുഹമ്മദ്.K<br>കോസ്റ്റ് ഇൻഡക്സ് 36.44% (DsoR 2018)<br>TS No-82223/9.2.22<br>Est.No-2021/108333 | ഇനം 3 | @7249.94/$m^3$ | @7090.87/$m^3$ | (3313.43+12 GST) |

കുറിപ്പ് - മറ്റ് പ്രവൃത്തികളിൽ പ്രവൃത്തികളുടെ ഭാഗമായി റാന്റം റബിൾ മേസനറി പ്രവൃത്തി (DAR Code 7.1.1) ചെയ്യതിന് സിമന്റ് കോൺക്രീറ്റ് ലെവലിങ് ഓരോ ഘന യൂണിറ്റിലും ആവശ്യമില്ലാത്തതിനാൽ ഇതിനുള്ള നിരക്ക് ഒഴിവാക്കിയാണ് നിരക്ക് അനുവദിച്ചിട്ടുള്ളത്.

(ഉദാ - Take A Break Toilet At PHC And Vet. Dispensary (Proj-21/23)

അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/13.10.23) RR ചെയ്യതിന് മുകളിലായി കോൺക്രീറ്റ് ലെവലിംഗ് ചെയ്യിട്ടുണ്ടെന്ന് വാക്കാൽ അറിയിച്ചു. പ്രവൃത്തിയുടെ ഫോട്ടോ പരിശോധനക്ക് ഹാജരാക്കി. പ്രവൃത്തിയിൽ കോൺക്രീറ്റ് ലെവലിങ് ഓരോ ഘന യൂണിറ്റിലും ആവശ്യം വരുന്നില്ല. എന്നിരുന്നാലും RR മേസൺറി ചെയ്യതിന് മുകളിലായി കോൺക്രീറ്റ് ലെവലിംഗ് ചെയ്യിട്ടുള്ളത് പരിഗണിച്ച് തടസ്സം തുടരുന്നില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 മരാമത്ത് പ്രവൃത്തിയിൽ കരാറുകാരന് അധികം അനുവദിച്ച തുക ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി തിരിച്ചടവാക്കി - അടവാക്കിയത് 8985 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുകകൾ ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ ഭാഗമായി തിരിച്ചടവാക്കി.

| പ്രവൃത്തി | അപാകത | ഓഡിറ്റ് അന്വേഷണം നമ്പർ | തിരിച്ചടവാക്കിയ തുക | രസീത് നമ്പർ |
|---|---|---|---|---|
| കുണ്ടം ചിന ഹരിജൻ കോളനി SC ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മാണം (SO024/23) | പിഴ ഈടാക്കാത്തത് സംബ- | 9/ 13.10.23 | 2567 | 1230101830/17.10.23 |
| തറയിൽ കടുക്കുഴി റോഡ് പ്രവൃത്തി (So037/23) | ഫോം വർക്ക് (സെൻട്രിംഗ് & ഷെട്ടറിംഗ് ) ചെയ്യാത്ത പ്രവൃത്തിക്ക് തെറ്റായ നിരക്ക് അനുവദിച്ചു | 24/ 17.10.23 | 4970 | 1230101834/18.10.23 |
| പുത്തംകുളം അംഗൻവാടി അറ്റകുറ്റപണി (SO018/23) | പിഴ ഈടാക്കാത്തത് സംബ- | 9/ 13.10.23 | 653 | 1230101827/17.10.23 |

| | | | | |
|---|---|---|---|---|
| ആറുമട അംഗൻവാടി അറ്റകുറ്റപണി (SO019/23) | തെറ്റായ നിരക്ക് അനുവദിച്ചു | 9/ 13.10.23 | 795 | 1230101828/17.10.23 |

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 പാലിന് സബ്സിഡി - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിയ്ക്ക് ധനസഹായം നൽകി

| | |
|---|---|
| പ്രൊജക്റ്റ് | : 139/2023 - ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| നിർവ്വഹണം | : ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ തുക | : ₹1,00,000/- (₹50,000/- തനത് ഫണ്ട്, ₹50,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | : ₹92,738/- (₹50,000/- തനത് ഫണ്ട്, ₹42,738/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

പൂക്കിപ്പറമ്പ് - വാളക്കുളം ക്ഷീരസഹകരണ സംഘം സെക്രട്ടറി ലഭ്യമാക്കിയ പാലളവ് സ്റ്റേറ്റ്മെന്റുകളിൽ ഉൾപ്പെട്ട താഴെപ്പറയുന്ന വ്യക്തിയ്ക്ക് മേൽ പ്രോജക്ട് മുഖേന സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| പേര് | മാസം : പാലളവ് (ലിറ്റർ) | അനുവദിച്ച സബ്സിഡി തുക (@ ₹3/ലിറ്റർ) | ബിൽ/വൗച്ചർ നം , തീയ്യതി, ആകെ ബിൽ തുക, ഫണ്ട് |
|---|---|---|---|
| സുബ്രഹ്മണ്യൻ പെരുവാംകുഴിയിൽ (ആധാർ : 222340566838 ബാങ്ക് അക്കൗണ്ട് : 40198100107028 IFSC : KLGB0040198) | 2022 ഒക്ടോബർ : 149.8<br>2022 നവംബർ : 180<br>2022 ഡിസംബർ : 201 | 1,592 | വൗച്ചർ : 22200843, 08.02.2023, ₹50,000/-, തനത് ഫണ്ട് |
| | ആകെ : 530.8 | | |
| | 2023 ജനുവരി : 128.3<br>2023 ഫെബ്രുവരി : 86.2 | 644 | BRN : 22151752038401370163, 16.03.2023, ₹38,166/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | ആകെ : 214.5 | | |
| | 2023 മാർച്ച് 20 വരെ : 47.4 | 142 | BRN : 22151752038401477245, 25.03.2023, ₹4,572/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | ആകെ : 47.4 | | |
| ആകെ | 792.7 | 2,378 | |

ഈ വ്യക്തിയെ മേൽ പ്രോജക്ടിന്റെ ഗുണഭോക്താവായി അംഗീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല. ആയത് ലഭ്യമാക്കുന്നതിനും, അംഗീകരിച്ചിട്ടില്ലെങ്കിൽ ടിയാൾക്ക് ധനസഹായം നൽകിയതിന്മേൽ വിശദീകരണം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/16.10.2023ന് നിർവ്വഹണ ഉദ്യോഗസ്ഥനായ ഡയറി എക്സ്റ്റൻഷൻ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. മേൽ പ്രോജക്ടിന്റെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്ന സമയത്ത് പൂക്കിപ്പറമ്പ്-വാളക്കുളം ക്ഷീരസഹകരണ സംഘം ലഭ്യമാക്കിയ ലിസ്റ്റിൽ ശ്രീ. സുബ്രഹ്മണ്യൻ പെരുവാംകുഴിയിൽ ഉൾപ്പെടെ അർഹരായ പല കർഷകരും ഉൾപ്പെട്ടിരുന്നില്ലെന്നും, പിന്നീട് ഇവരെ ഉൾപ്പെടുത്തി പുതുക്കിയ ലിസ്റ്റ് ക്ഷീരസഹകരണ സംഘം ലഭ്യമാക്കിയെങ്കിലും ആദ്യം ലഭിച്ച ലിസ്റ്റാണ് ഭരണ സമിതി അംഗീകരിച്ച് നൽകിയത് എന്നും മറുപടിയിൽ പറയുന്നു. ടിയാൾക്ക് അർഹതപ്പെട്ട ആനുകൂല്യവും സ്വാഭാവിക നീതിയും നിഷേധിക്കപ്പെടരുത് എന്നുള്ള ഉത്തമബോധ്യത്തിലാണ് അദ്ദേഹത്തിന്റെ അക്കൗണ്ടിലേയ്ക്ക് സബ്സിഡി അനുവദിച്ചിട്ടുള്ളത് എന്നും മറുപടിയിൽ ബോധിപ്പിക്കുന്നു.

ശ്രീ. സുബ്രഹ്മണ്യൻ പെരുവാംകുഴിയിൽ എന്ന വ്യക്തിയെ 2022-23 വർഷത്തിൽ മേൽ പ്രോജക്ടിന്റെ ഗുണഭോക്താവായി കണക്കാക്കി ആനുകൂല്യം നൽകിയ നടപടിയ്ക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും ഗ്രാമസഭയുടെയും അംഗീകാരം ലഭ്യമാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 2,378/- രൂപ തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിനത്തിൽ അധികം തുക നൽകി

നിർവ്വഹണം : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പ്രോജക്റ്റ് നം : 162/23

പ്രോജക്റ്റിന്റെ പേര് : ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുകയും
കിടപ്പിലായ 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ബത്തയും

അടങ്കൽ : ₹15,83,180/-

ചെലവ് : ₹12,63,530/-

പ്ലാൻ : ₹7,50,430/-
ബ്ലോക്ക് പഞ്ചായത്ത് : ₹3,84,825/-
ജില്ലാ പഞ്ചായത്ത് : ₹1,28,275/-

| ക്രമ നം | ബിൽ നം/തീയ്യതി | തുക |
|---|---|---|
| 1 | 8/24.04.22 | 3,84,825 |
| 2 | 5/15.12.22 | 4,50,000 |
| 3 | 9/19.01.23 | 1,28,275 |
| 4 | 11/15.02.23 | 3,00,430 |
| ആകെ | | 12,63,530 |

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ, തിയ്യതി 28.05.22, ഖണ്ഡിക നമ്പർ 7.1.6 എ, ബി, സി, ഡി എന്നിവ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ വിവരം വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ശാരീരിക / മാനസിക വെല്ലുവിളി നേരിടുന്ന താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും അധികം തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | വൈകല്യത്തിന്റെ സ്വഭാവം | പഠിക്കുന്ന ക്ലാസ് | സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ തുക (₹) | നൽകിയ തുക (₹) | അധികം നൽകിയ തുക (₹) | ബിൽ നം /തീയതി. |
|---|---|---|---|---|---|---|
| ഷെസ.കെ, വാർഡ് 6 | മാനസിക വെല്ലുവിളി | - | 28,500 | 41,000 | 12,500 | 8/24.4.22 5/15.12.22 |
| മുഹമ്മദ് റെമീസ്, വാർഡ് 11 | ശാരീരിക വെല്ലുവിളി | 7th | 6,000 | 12,000 | 6,000 | 5/15.12.2 |
| ആകെ | | | | | 18,500 | |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും കൂടുതൽ തുക മേൽ ഗുണഭോക്താക്കൾക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/16.10.23 ന് ലഭ്യമാക്കിയ മറുപടിയിൽ, അധികം അനുവദിച്ച തുക 23-24 സാമ്പത്തിക വർഷത്തിൽ ടി വിദ്യാർത്ഥികൾക്ക് നൽകുന്ന തുകയിൽ നിന്നും ക്രമീകരിക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചു. തുക ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികമായി നൽകിയ തുക 18,500/- രൂപ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതി നം, പേര് | ലഭിച്ച തുക (₹) | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 24/23 - കുണ്ടൻചിന ഹരിജൻ കോളനി എസ്.സി ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മാണം | 2,96,285 | 2,96,285 | 0 |
| | 46/23 - കോഴിച്ചെന അംഗൺവാടി പുനരുദ്ധാരണം | 2,95,115 | 2,95,115 | 0 |
| | 77/23 - സമഗ്ര നെൽകൃഷി വികസനം | 4,00,000 | 4,00,000 | 0 |
| | 91/23 - ലൈഫ് മിഷൻ ഭവന പദ്ധതി - പട്ടികജാതി | 9,98,000 | 9,98,000 | 0 |
| | 139/23 - ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 42,738 | 42,738 | 0 |
| | 162/23 - ശാരീരിക മാനസിക വെല്ലുവിളികൾക്ക് നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും 18 വയസ്സിന് താഴെയുള്ള കിടപ്പിലായ കുട്ടികൾക്ക് ബത്തയും | 3,84,825 | 3,84,825 | 0 |
| | ആകെ | 24,16,963 | 24,16,963 | 0 |
| ജില്ലാ പഞ്ചായത്ത് | 77/23 - സമഗ്ര നെൽകൃഷി വികസനം | 300000 | 300000 | 0 |
| | 91/23 - ലൈഫ് മിഷൻ ഭവന പദ്ധതി - പട്ടികജാതി | 1,80,000 | 1,80,000 | 0 |
| | 162/23 - ശാരീരിക മാനസിക വെല്ലുവിളികൾക്ക് നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും 18 വയസ്സിന് താഴെയുള്ള കിടപ്പിലായ കുട്ടികൾക്ക് ബത്തയും | 1,28,275 | 1,28,275 | 0 |
| | ആകെ | 6,08,275 | 6,08,275 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ നമ്പർ | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 12/23 - വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | XVFC/2022-23 /P/53/30.01.2023 | 15,97,850 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 15,97,850 |
| | 180/23 - പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിവെക്കൽ | BRN:22151752007500945072/ 22.12.2022, ₹54,972<br>BRN: 22151752007501121444/ 30.01.2023, ₹34,943<br>BRN: 22151752007501315999/ | 98,054 | 98,054 | 0 |

| | | | | | |
|---|---|---|---|---|---|
| | | 08.03.2023, ₹8,139 | | | |
| ഭൂജല വകുപ്പ് | 181/23 - കൊടക്കല്ല് അംഗണവാടി കിണർ നിർമ്മാണം | XVFC/2022-23 /P/67/08.03.2023, ₹2,035<br>XVFC/2022-23 /P/64/08.03.2023, ₹57,467 | 59,502 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 59,502 |
| | 183/23 - തിരുത്തി അംഗണവാടി കിണർ നിർമ്മാണം | XVFC/2022-23 /P/66/08-03-2023, ₹2,035<br>XVFC/2022-23 /P/65/08.03.2023, ₹58,791 | 60,826 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 60,826 |
| | ആകെ | | 18,16,232 | 98,054 | 17,18,178 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (₹) | 53,11,023 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 2,84,206 |
| ആകെ (₹) | 55,95,229 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 55,95,229 |

| നിക്ഷേപത്തിന്റെ വിവരം | തുക (₹) | രശീതി നം. |
|---|---|---|
| ഫിക്സഡ് ഡെപ്പോസിറ്റ് – കേരള ഗ്രാമീൺ ബാങ്ക്, തെന്നല ബ്രാഞ്ച് | 25,78,150 | 196799/01.10.2018 |
| ഫിക്സഡ് ഡെപ്പോസിറ്റ് – കേരള ഗ്രാമീൺ ബാങ്ക്, തെന്നല ബ്രാഞ്ച് | 30,14,079 | 196868/17.06.2019 |
| ഷെയർ സർട്ടിഫിക്കറ്റ് – മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിങ്ങ് മിൽ | 3,000 | 1322/27.07.1977 |
| ആകെ | 55,95,229 | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആൾ | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 1987-88 & 1988-89 | 16(B) | 89 | കല്യാണി | 1220101018/16.06.22 |
| 1987-88 & 1988-89 | 17 | 78 | വിനീത | 1220101019/16.06.22 |

| | | | | |
|---|---|---|---|---|
| 1987-88 & 1988-89 | 18 | 624 | വിനീത | 1220101020/16.06.22 |
| 1994-95 | 15 | 400 | വിനീത | 1220101021/16.06.22 |
| 1996-97 | 42 | 250 | ബാലകൃഷ്ണൻ നായർ | 1220101022/16.06.22 |
| 1996-97 | 43 | 25 | കൃഷ്ണൻ | 1220101023/16.06.22 |
| 1996-97 | 44 | 308 | കൃഷ്ണൻ | 1220101024/16.06.22 |
| 1996-97 | 45 | 26 | പി. രാജൻ | 1220101025/16.06.22 |
| 1996-97 | 46 | 635 | കൃഷ്ണൻ | 1220101026/16.06.22 |
| 1996-97 | 47 | 40 | കൃഷ്ണൻ | 1220101027/16.06.22 |
| 1996-97 | 48 | 32 | കൃഷ്ണൻ | 1220101028/16.06.22 |
| 1996-97 | 49 | 100 | ചന്ദ്രശേഖരൻ നായർ | 1220101029/16.06.22 |
| 1996-97 | 58 | 725 | രാജൻ | 1220101031/16.06.22 |
| 2003-04 | 3-1 | 100 | എസ്. മന | 1220101032/16.06.22 |
| 2003-04 | 3-5 | 331 | എസ്. മന | 1220101030/16.06.22 |
| 2013-14 & 2014-15 | 2-1 | 13 | ബീവി | 1220101002/14.06.22 |
| | ആകെ | 3,776 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2013-14 | 5-2 | (അദ്ധ്യായം 9-5)<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും - പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ | തുക (₹) | അവശേഷിക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2007-08 | 3(15) | ശ്രീ.പി.കൃഷ്ണൻകുട്ടി | LF6448/spl.cell /SC/D1/12 Dtd 16.02.2015 | 8,838 | 8,838 | അടവാക്കിയ വിവരം ലഭ്യമല്ല |
| 2 | 2007-08 | 3(16) | ശ്രീ.പി.കൃഷ്ണൻകുട്ടി | LF6448/spl.cell /SC/D1/12 Dtd 16.02.2015 | 1,44,625 | 1,44,625 | അടവാക്കിയ വിവരം ലഭ്യമല്ല |
| 3 | 2003-04 | 3-(12), 3-(13)(1), 3(13)(2), 3(14)(2), 3(15) | ശ്രീ സി ജെ വർഗ്ഗീസ് , സെക്രട്ടറി | LF4520/spl.cell /sc5/09 Dt. 02.05.12 | 28,255 | 28,255 | Rt. 11065/28/ 14.08.12 പ്രകാരം തിരിച്ചടച്ചു |
| 4 | 2008-09 2010-11 | 3-12 | ശ്രീ. ഫ്രാൻസിസ് വർഗ്ഗീസ്, അസിസ്റ്റന്റ് എഞ്ചിനീയർ | LF1957/spl.cell /C-SC/D1/13 Dt. 24.03.15 | 21,631 | 21,631 | അടവാക്കിയ വിവരം ലഭ്യമല്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 8,10,03,715.31 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 7,01,57,051.00 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 18,500 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 21,73,556 |

ബി). പഞ്ചായത്ത് ഫണ്ടിനു ണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നം. | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | - | 18,500 | ശ്രീമതി. മൈമൂന. കെ. ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | | 18,500 | |

സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 4,00,000 | ശ്രീ. ബിനു. എസ്. ഐ, സെക്രട്ടറി |
| 1-15-1 | 17,18,178 | ശ്രീ. വിജയകുമാർ. വി, സെക്രട്ടറി |
| 1-15-2 | 53,000 | ശ്രീ. ബിനു. എസ്. ഐ, സെക്രട്ടറി |
| 1-31 | 2,378 | ശ്രീ. ബിനു സുധാകർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 21,73,556 | |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. മൈമൂന. കെ. ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കാളികാവ് ഗ്രാമപഞ്ചായത്ത് | കൈപ്പനാഞ്ചേരിതൊടിക ഹൗസ്, കവളമുക്കട്ട് (പി.ഒ), പൂക്കോട്ടുംപാടം, മലപ്പുറം-679332. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1972-73 | എൽ.എഫ്.എം.9/507/87, 31.10.89 | 10 |
| 1978-79 | എൽ.എഫ്.എം.9/513/87, 31.10.89 | 3 |
| 1980-81 | എൽ.എഫ്.എം.9/515/87, 31.10.89 | 1 |
| 1982-83 | എൽ.എഫ്.എം.9/956/87, 31.10.89 | 4 |

| | | |
|---|---|---|
| 1984-85 | എൽ.എഫ്.എം.9/39/89, 01.03.89 | 28 |
| 1985-86 | എൽ.എഫ്.എം.9/1054/91, 22.11.91 | 2 |
| 1986-87 | എൽ.എഫ്.എം.9/27/92, 20.06.92 | 11 |
| 1987-88, 1988-89 | കെ.എസ്.എ.എം.പി.എം.14/2141/2022(1), 31.10.22 | 2 |
| 1996-97 | കെ.എസ്.എ.എം.പി.എം.14/2141/2022(4), 31.10.22 | 1 |
| 01.07.1998 മുതൽ 31.03.2001 വരെ പ്ലാൻ | എൽ.എഫ്.എം.13/884/04, 21.10.04 | 39 |
| 1997-98 (വരവ്) | എൽ.എഫ്.എം.10/2081/06, 10.04.07 | 1 |
| 1997-98 (ചെലവ്) | എൽ.എഫ്.എം.15/449/99, 31.01.05 | 28 |
| 1998-99 (പ്ലാൻ ഒഴികെ) | കെ.എസ്.എ.എം.പി.എം.14/2141/2022(5), 31.10.22 | 3 |
| 1999-00 (പ്ലാൻ ഒഴികെ) | കെ.എസ്.എ.എം.പി.എം.14/1579/2019, 13.12.21 | 2 |
| 2000-01 (പ്ലാൻ ഒഴികെ) | കെ.എസ്.എ.എം.പി.എം.14/1432/2018, 13.12.21 | 4 |
| 2001-02 | എൽ.എഫ്.എം.10/2343/07, 15.12.08 | 6 |
| 2002-03 | എൽ.എഫ്.എം.10/232/18, 27.01.18 | 6 |
| 2003-04 | കെ.എസ്.എ.എം.പി.എം.14/2141/2022(6), 31.10.22 | 4 |
| 2004-05 | എൽ.എഫ്.എം.10/1322/08, 13.01.09 | 11 |
| 2005-06 | എൽ.എഫ്.എം.10/1735/09, 18.01.10 | 9 |
| 2006-07 | കെ.എസ്.എ.എം.പി.എം.14/2141/2022(7), 31.10.22 | 18 |
| 2007-08 | കെ.എസ്.എ.എം.പി.എം.14/2141/2022(8), 16.12.22 | 16 |
| 2008-09 | കെ.എസ്.എ.എം.പി.എം.14/2141/2022(9), 31.10.22 | 2 |
| 2009-10, 2010-11 | എൽ.എഫ്.എം.14/896/13, 31.10.13 | 16 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.14/2141/2022(10), 31.10.22 | 3 |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.14/2141/2022(11), 31.10.22 | 8 |
| 2015-16 | കെ.എസ്.എ.എം.പി.എം.14/27/2016, 19.6.18 | 9 |
| 2016-17 | കെ.എസ്.എ.എം.പി.എം.14/1811/2017, 21.07.18 | 8 |
| 2017-18 | കെ.എസ്.എ.എം.പി.എം.14/2431/, 22.02.19 | 13 |
| 2018-19 | കെ.എസ്.എ.എം.പി.എം.14/58/20, 05.05.20 | 13 |
| 2019-20 | കെ.എസ്.എ.എം.പി.എം.14/1236/2021, 09.05.22 | 22 |
| 2020-21 | കെ.എസ്.എ.എം.പി.എം.14/1237/2021, 09.05.22 | 28 |
| 2021-22 | കെ.എസ്.എ.എം.പി.എം.14/159/2023, 27.05.23 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 5 dated 19-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thennela Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thennela Grama Panchayat for the year 2022-2023

Date: 04/11/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Thennela Grama Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.
   i. Ratios
   ii. Notes on accounts
   iii. Comparative amounts
2. A few figures in annual financial statements are not recorded in whole numbers in accordance with accounting rules.
3. Lapses in making timely demand entries in respect of tax and non-tax revenue.
4. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
5. Grant liability amount shown as liability in Balance sheet does not match with bank account opened for the specified grant account.

6. The following register is not up to date and is not reliable for audit
    i. Asset register (*Sachithra*)

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്